(ബി) അപേക്ഷകളുടെ ബാഹുല്യം നിമിത്തം കൂടുതൽ ധനസഹായം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പുതുവൈപ്പിനിൽ എൽ.എൻ.ജി. ടെർമിനൽ നിർമ്മാണം

84 [29] *ശ്രീ sl. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുവൈപ്പിനിൽ എൽ.എൻ.ജി. ടെർമിനൽ സ്ഥാപിക്കുന്നതിന് എന്തെല്ലാം പഠനങ്ങളാണ് ഇപ്പോൾ നടക്കുന്നത്;

(ബി) ഈ പഠന റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) എൽ.എൻ.ജി. ടെർമിനൽ എന്നത്തേക്ക് പ്രവർത്തനക്ഷമമാകുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) & (ബി) ഈ പദ്ധതി നടപ്പിലാക്കുന്നത് മെസ്സേഴ്സ് പെട്രോനെറ്റ് എൽ.എൻ.ജി. ലിമിറ്റഡ് എന്ന കമ്പനി മുഖേനയാണ്. ഇതിനുവേണ്ടി പുതുവൈപ്പിനിൽ, കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏകദേശം 32 ഹെക്ടർ സ്ഥലം പാട്ടത്തിന് വിട്ടുകൊടുത്തിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി 1999-2000 വർഷത്തിൽ പി.എൽ.എൽ. കമ്പനി താഴെപ്പറയുന്ന പ്രാരംഭ പഠനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(1) റാന്റ് സർവ്വേയും സോയിൽ ഇൻവെസ്റ്റിഗേഷനും.

(2) സീബെഡ് എൻജിനീയറിംഗും ഓഷ്യനോഗ്രാഫിക് ഇൻവെസ്റ്റിഗേഷനും.

(3) മറൈൻ ജിയോടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ.

(4) റാപ്പിഡ് ആന്റ് കോംപ്രിഹെൻസീവ് മറൈൻ ആന്റ് ടെറസ്ട്രിയൽ ഇ.ഐ.എ. സ്റ്റഡി.

(5) ഡീറ്റെയിൽഡ് ഫീസിബിലിറ്റി റിപ്പോർട്ട്.

(6) ബേസിക് എൻജിനീയറിംഗ് പാക്കേജ്.

ഇതുകൂടാതെ സുനാമിമൂലം സമുദ്രാന്തർ ഭാഗത്തും കടൽ തീരത്തിലും ഉണ്ടായ വ്യതിയാനങ്ങൾകൂടി കണക്കിലെടുത്ത് താഴെപ്പറയുന്ന ചില പഠനങ്ങൾകൂടി നടത്തിയിട്ടുണ്ട്.

(1) പുതുക്കിയ വിശദമായ സാദ്ധ്യതാ റിപ്പോർട്ട് 2005 മേയ് മാസത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്.

(2) സ്റ്റോറേജ് കപ്പാസിറ്റി 2.5 എം.എം.റ്റി.പി.എ.-യിൽ നിന്നും 5.0 എം. എം. റ്റി. പി. എ.-യിലേക്ക് വർദ്ധിപ്പിക്കുമ്പോൾ പരിസരിതി ക്ലിയറൻസ് ലഭിക്കുന്നതിലേക്കായുള്ള പുതുക്കിയ റിസ്ക്ക് അനാലിസിസ് സ്റ്റഡി 2005 മേയ് മാസത്തിൽ തന്നെ പൂർത്തിയാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(3) മറൈൻ സൗകര്യങ്ങൾ കൂടുതലായി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന പഠനങ്ങളായ ആഴക്കടൽ സർവ്വേ (ബാത്തി മെട്രിക് സർവ്വേ) മൂറിംഗ് അനാലിസിസ്, വേവ് ഡേറ്റാ സർവ്വേ എന്നിവയും പൂർത്തിയായി വരുന്നു.

(4) ബേസിക്ക് എൻജിനീയറിംഗ് പാക്കേജ് പഠനം 2005 സെപ്റ്റംബർ, ഒക്ടോബർ മാസത്തിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന ഷെഡ്യൂൾ പ്രകാരം 2006 ഏപ്രിൽ മാസത്തിൽ എൽ.എൻ.ജി. ടെർമിനലിന്റെ ഇ.പി.സി. കോൺട്രാക്ട് പൂർത്തീകരിച്ചു നൽകാൻ കഴിയുമെന്നും 2009 ആഗസ്റ്റ് മാസത്തോടെ യന്ത്ര സംവിധാനങ്ങളുടെ പൂർത്തീകരണം (മെക്കാനിക്കൽ കംപ്ലീഷൻ) നടത്താമെന്നും 2009 അവസാനത്തോടെ ടെർമിനൽ കമ്മീഷൻ ചെയ്യാമെന്നും പ്രതീക്ഷിക്കുന്നു.

ഗവൺമെന്റ് സർവ്വീസിൽ ന്യൂനപക്ഷ സമുദായങ്ങൾക്ക് അർഹതപ്പെട്ട നിയമനം

85 [32] *ശ്രീ. സി. ടി. അഹമ്മദ് അലി:*
,, *പി. കെ. അബ്ദുറബ്ബ്:*
,, *യു. സി. രാമൻ:*
,, *കളത്തിൽ അബ്ദുള്ള:*
,, *കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സർവ്വീസിൽ ന്യൂനപക്ഷ സമുദായങ്ങൾക്ക് അർഹതപ്പെട്ട നിയമനം ലഭിച്ചിട്ടില്ലെന്ന് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത് പരിഹരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിനായി എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) നടപടികൾ എന്നത്തേയ്ക്ക് തുടങ്ങുമെന്നും എത്രകാലംകൊണ്ട് ബാക്ക്‌ലോഗ് പരിഹരിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) – (സി) ന്യൂനപക്ഷ സമുദായങ്ങളെ സംബന്ധിച്ച് നരേന്ദ്രൻ കമ്മീഷൻ പഠനം നടത്തിയിട്ടില്ല. പിന്നോക്ക സമുദായങ്ങളെ സംബന്ധിച്ചാണ് നരേന്ദ്രൻ കമ്മീഷന്റെ ശുപാർശകൾ.

അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പി.എസ്.സി. സെലക്ട് ലിസ്റ്റ്

86 [36] *ശ്രീ. തേനാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ആഗസ്റ്റ് 21-ാം തീയതി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പൊതുമരാമത്ത് വകുപ്പിലെ സിവിൽവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർമാരെ തെരഞ്ഞെടുക്കുവാൻ നടത്തിയ പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചിട്ടുണ്ടോ;

LIBRARY.ARCHIVES Kerala Legislative Assembly